# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 95

## 08/02/2016 ലെ മറുപടിക്ക്

## കേരള അടിസ്ഥാന സൗകര്യ വികസന ഫണ്ട് ബോർഡ്

| ചോദ്യം<br>ശ്രീ.എസ്. ശർമ്മ | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി ( മുഖ്യമന്ത്രി) |
|---|---|
| (എ) 2015-16 ബജറ്റിൽ പ്രഖ്യാപിച്ച 2000 കോടി രൂപ കേരള അടിസ്ഥാന സൗകര്യ വികസന ഫണ്ട് ബോർഡിന് മൂലധനമായി നൽകിയിട്ടുണ്ടോ ; എങ്കിൽ എപ്പോൾ; | 2015-16 ബഡ്ജറ്റിൽ "5475-00-800-92 - മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ" എന്ന ശീർഷകത്തിൽ 2000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ഘടനയും പ്രവർത്തനവും പരിഷ്കരിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ടി തുക കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് മുഖേന ചെലവഴിക്കേണ്ട സാഹചര്യം ആയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക സംസ്ഥാനത്തിന്റെ മുഖ്യ അടിസ്ഥാന വികസന പദ്ധതികളുടെ സർക്കാർ വിഹിതമായി ആവശ്യാനുസരണം വിനിയോഗിച്ച് വരുന്നു. ഈ സാമ്പത്തികവർഷാവസാനം ഇതിൽ അവശേഷിക്കുന്ന തുക കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (ബി ) ബോർഡിന്റെ പെയ്ഡ് ക്യാപിറ്റൽ നിലവിൽ എത്ര; ബോർഡിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കാമോ; | കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് കമ്പനീസ് ആക്ടിന്റെ പരിധിയിൽ വരാത്തതിനാൽ ഓതറൈസ്ഡ് ക്യാപിറ്റൽ, പെയ്ഡ് അപ് ക്യാപിറ്റൽ എന്നിവ ബാധകമല്ല.<br>1999 ലെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ട് പ്രകാരം 11.11.1999 ൽ ആണ് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് രൂപീകൃതമായത്.സംസ്ഥാനത്തിന്റെ പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ആവശ്യമായ നിക്ഷേപം സ്വരൂപിക്കുക എന്നതാണ് ഇതിന്റെ പ്രവർത്തനലക്ഷ്യം. നിലവിലെ ഘടന പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും പ്രിൻസിപ്പൽ സെക്രട്ടറി(ധനകാര്യം), സെക്രട്ടറി(പൊതുമരാമത്ത്), സെക്രട്ടറി (ഇറിഗേഷൻ), സെക്രട്ടറി (പ്ലാനിംങ്), സെക്രട്ടറി (റവന്യൂ), സെക്രട്ടറി(ഫിനാൻസ്റിസോർസസ്) എന്നിവരും വികസന ബാങ്കിങ്ങ് മേഖലകളിൽ വൈദഗ്ധ്യമുള്ള രണ്ടുപേരും അംഗങ്ങളായിട്ടുള്ള ബോർഡാണ് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നത്.<br>സെക്രട്ടറി(ഫിനാൻസ്റിസോർസസ്) ഇതിന്റെ ഫണ്ട് മാനേജരായും പ്രവർത്തിക്കുന്നു. |
| (സി) ബോർഡ് നാളിതുവരെ പൊതുവിപണിയിൽ നിന്നും | മൂന്ന് ബോണ്ട് സീരീസുകളിലൂടെ 1999-2003 കാലയളവിൽ 1023.71 |

| | |
|---|---|
| ശേഖരിച്ച തുക എത്ര; ഈ നിക്ഷേപങ്ങൾക്ക് പ്രഖ്യാപിച്ച നികുതി ഇളവുകൾ എന്തൊക്കെയാണ്; | കോടി രൂപ ബോർഡ് സമാഹരിച്ചിരുന്നു. ടി തുക നിക്ഷേപകർക്ക് തിരികെ നൽകിയിട്ടുണ്ട്. ടി ബോണ്ടുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകിയിട്ടുണ്ട്. |
| (ഡി) ബോർഡിൻ കീഴിൽ നിലവിൽ ഏതെല്ലാം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നു എന്നും പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ കീഴിൽ നിലവിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഒന്നും നേരിട്ട് നടപ്പിലാക്കുന്നില്ല. എന്നാൽ ഇപ്പോൾ നടന്നുവരുന്നതോ സമീപഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതോ ആയ വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ രണ്ടാം ഘട്ടം, തിരുവനന്തപുരവും കോഴിക്കോടും ലൈറ്റ് മെട്രോ, തിരുവനന്തപുരം-ചെങ്ങന്നൂർ അതിവേഗ റെയിൽ ഇടനാഴി, വൈറ്റില മൊബിലിറ്റി ഹബ് രണ്ടാം ഘട്ടം മുതലായ പദ്ധിതികൾക്കാവശ്യമായ ഫണ്ട് സമാഹരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു. |
| (ഇ) ബോർഡുവഴി എത്ര കോടി രൂപ മൂലധനമായി ഉപയോഗിച്ച് 2015-16 ൽ എത്ര പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് എന്ന് അറിയിക്കുമോ; | ഇപ്പോൾ നടന്നുവരുന്ന പ്രാരംഭ നടപടികൾ പൂർത്തിയാക്കിയതിനു ശേഷമേ ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് തീരുമാനങ്ങൾ കൈകൊള്ളുകയുള്ളൂ. |

സെക്ഷൻ ഓഫീസർ